**A** **912**

സമഗ്ര ശിക്ഷാ, കേരളം

## രണ്ടാം പാദവാർഷിക മൂല്യനിർണയം 2019

## മലയാളം
## അടിസ്ഥാനപാഠാവലി

സ്റ്റാൻഡേർഡ് : IX

സമയം : 1½ മണിക്കൂർ
ആകെ സ്കോർ : 40

---

**നിർദേശങ്ങൾ**

- പതിനഞ്ചുമിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**ഒന്നുമുതൽ അഞ്ചുവരെയുള്ള ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉ**

1. "പാപ്പാൻ മെലിഞ്ഞാല് ഇടയനാവോടാ?"
   ഈ വാക്യത്തിന്റെ ആശയത്തിന് സമാനമായ പഴഞ്ചൊല്ല് കണ്ടെത്തി എഴുതുക.
   - ആനയെ വിറ്റാലും തോട്ടി വിൽക്കരുത്.
   - ആന മെലിഞ്ഞാൽ തൊഴുത്തിൽ കെട്ടുമോ?
   - അടിതെറ്റിയാൽ ആനയും വീഴും.
   - ആനകൊടുത്താലും ആശ കൊടുക്കരുത്.

2. "രണ്ടോ മൂന്നോ കണ്ണീർക്കണങ്ങൾ ആ പടിക്കാൻ പിടിച്ച കൈപ്പടത്തിന്മേൽ ഇറ്റിറ്റു വീണു."

   'കണ്ണീർക്കണങ്ങൾ' എന്ന പദത്തിന്റെ വിഗ്രഹാർഥം എഴുതുക.
   - കണ്ണീരും കണങ്ങളും
   - കണങ്ങളാകുന്ന കണ്ണീർ
   - കണ്ണീരിന്റെ കണങ്ങൾ
   - കണ്ണീരാകുന്ന കണങ്ങൾ

3. "വല്ലവന്റേം ആനയെ മേയ്ക്കണതിനേക്കാൾ നന്നല്ലേ തന്റേതായൊരു ആടിനെ മേയ്ക്കണത്."

   വരികളിൽ തെളിയുന്ന ജീവിതകാഴ്ചപ്പാട് എന്ത്?
   - സ്വാതന്ത്ര്യബോധം
   - മരണഭയം
   - പരാജയഭീതി
   - കറുപ്പിനോടുള്ള ഇഷ്ടം

4. ''മായൻ അതിഷ്ടപ്പെട്ടില്ല. എന്തുകൊണ്ട് ഇഷ്ടപ്പെടുന്നില്ല എന്നൊട്ടു പറയുന്നുമില്ല. ഈ ഊരാക്കൊളുത്തഴിച്ച് ബാപ്പയെ മോചിപ്പിക്കാൻ മകൻ ആഗ്രഹിച്ചു.'' 'ഊരാക്കൊളുത്ത്' എന്ന ശൈലിക്ക് ഏറ്റവും യോജിച്ച അർഥം കണ്ടെത്തി എഴുതുക.

- കൊളുത്തിൽനിന്ന് ഊരിപ്പോരുക.
- രക്ഷപ്പെടാൻ കഴിയാത്തവിധം കുരുക്കിൽപ്പെടുക.
- കൊളുത്തിൽ പെടാതിരിക്കാൻ ശ്രമിക്കുക.
- എളുപ്പം രക്ഷപ്പെടാവുന്ന കൊളുത്ത്.

5. അർഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കി എഴുതുക.

മനയ്ക്കലെ തട്ടാനെ ശട്ടം കെട്ടി ഒരു കൊച്ചു നെറ്റിപ്പട്ടമുണ്ടാക്കണം. കൊമ്പ് ഒരു ജോടി കുഴലാരണവും.

**ആറുമുതൽ പത്തുവരെയുള്ള ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതുക** **(4x2=.**

6. ''മകൻ അകന്നകന്നുപോകുമ്പോൾ നെഞ്ചിൽനിന്ന് എന്തോ ഒന്ന് വലിച്ചുചീന്തിയെടുക്കും പോലെ തോന്നുന്നു. ആ മുഖം ഒരിക്കലും ഇത്രമേൽ അവശമായിട്ടില്ല.'' (വെളിച്ചത്തിന്റെ വിരലുകൾ)

മായന്റെ മാനസികാവസ്ഥ ആവിഷ്കരിക്കാൻ ഈ വാക്യങ്ങൾ പര്യാപ്തമാണോ? രണ്ടു നിരീക്ഷണങ്ങൾ കുറിക്കുക.

7. പദവാക്യതലങ്ങളിലെ അഭംഗി പരിഹരിച്ച് വാക്യം മെച്ചപ്പെടുത്തി എഴുതുക.

ബാല്യകാലത്തിന്റെ ഓർമകളും സ്മരണകളും അവതരിപ്പിക്കുന്ന കവിതയിൽ വായനക്കാരിൽ എത്തിക്കുന്നതിനുവേണ്ടി കഴിഞ്ഞിട്ടുണ്ട് കവിക്ക്.

8. ''മനയുടെ അന്തസ്സായിരുന്ന ആനകളിലൊന്നായാണ് നാണുവിനെയും എണ്ണിയിരുന്നത്.''

പാപ്പാനെയും ആനയായി കണക്കാക്കിയതെന്തുകൊണ്ടാവാം? രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.

9. ''ഇഞ്ഞി ഞമ്മള് ഇബടെ നിന്നാൽ......''

''നിന്നാല്?''- ഹസ്സൻ ചോദിച്ചു.

''ഇങ്ങളെ കസ്സത്തിലാക്കായിരിക്കും. നനഞ്ഞേടം കുയിച്ചൂടല്ലോ!'' ആമിന പറഞ്ഞു.

'നനഞ്ഞേടം കുഴിക്കുക' എന്ന പ്രയോഗത്തിന് സന്ദർഭത്തിൽ കൈവരുന്ന സവിശേഷാർഥം എഴുതുക.

10. ''ശങ്കരൻകുട്ടി പ്രസന്നവദനനായി ചൂളമടിക്കുകയാണ്. ഡ്രൈവർ താളത്തിൽ 'പോം-പോം' എന്ന് ഹോണടിച്ചു. എതിരെ ഒരു ഫാസ്റ്റ്പാസഞ്ചർ ബസ് നീണ്ട ഹോണോടെ കടന്നുപോയി. വൃക്ഷത്തലപ്പുകൾ ആ ചൂളംവിളിക്ക് പശ്ചാത്തലമായി നീങ്ങി.''

– തന്നിരിക്കുന്ന സൂചനകൾ വിശകലനം ചെയ്ത് തിരക്കഥയുടെ രണ്ടു സവിശേഷതകൾ എഴുതുക.

**പതിനൊന്നുമുതൽ പതിനഞ്ചുവരെയുള്ള ചോദ്യങ്ങളിൽ നാലെണ്ണത്തിന് ഉത്തരമെഴുതുക.** **(4x4=16)**

11. ''മഞ്ചാടിമനയ്ക്കലെ ആനക്കാരൻ നാണുക്കുട്ടിക്ക് ഒരാശ; ഒരേ ഒരാശ.''

''കാര്യസ്ഥൻ തുറന്ന വായ് കൂട്ടി തൊടുക്കാനൊരുങ്ങുമ്പോഴേക്കും നാണുക്കുട്ടി നടന്നു.''

''കാസത്തിന് ആടിന്റെ പാലും ചുരും ബഹുവിശേഷമാത്രേ. വല്യ ആയാസമുള്ള ജോലിയൊന്നും ഇനി പാടില്ലെന്നും.'' (അജഗജാന്തരം)

തന്നിരിക്കുന്ന സൂചനകൾ വിശകലനം ചെയ്ത് കഥപറയുന്ന രീതിയുടെയും ഭാഷയുടെയും സവിശേഷതകളെക്കുറിച്ച് വിവരിക്കുക.

12. ''ഹസ്സൻ സ്വയം പ്രകാശിക്കുക മാത്രമല്ല, ആമിനയുടെ ജീവിതം കൂടി പ്രകാശമുള്ളതാക്കി മാറ്റുന്നു.'' ഈ നിരീക്ഷണത്തെ അടിസ്ഥാനമാക്കി ഹസ്സൻ എന്ന കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതകൾ വിവരിക്കുക.

13. ''യുഗാന്തരങ്ങൾതോറും സമാധാനത്തിന്റെ ദൂതന്മാർ പിറക്കാനും വളരാനും തൊഴുതു തേടിയതു വെറുതെയാണോ? ഈ വെളിപാടിന്റെ ശീതളച്ഛായയിൽ അയാൾ സസുഖം മയങ്ങി.''

കഥാന്ത്യത്തിലെ ഈ വാക്യം കഥയ്ക്ക് നൽകുന്ന അർഥസാധ്യതകൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

14. 'വെളിച്ചത്തിന്റെ വിരലുകൾ' എന്ന ശീർഷകം പാഠഭാഗത്തിന് എത്രമാത്രം ഉചിതമാണ്? നിങ്ങളുടെ അഭിപ്രായം എഴുതുക.

15. ''ശങ്കരൻകുട്ടി കൗതുകപൂർവം താഴെ തൊട്ടിലിലേക്ക് നോക്കിനിന്നു. അയാളുടെ മുഖത്ത് ഒരു ചെറുചിരി വിടർന്നു.''

''...എന്നിട്ടയാൾ സംശയത്തോടെ കൈയിലിരുന്ന പൊതി നീട്ടി...''

ശങ്കരൻകുട്ടിയുടെയും ശാന്തമ്മയുടെയും പുതുജീവിതത്തിന്റെ കൊടിയേറ്റമാണോ പാഠഭാഗത്ത് തെളിയുന്നത്? നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

**പതിനാറുമുതൽ പതിനെട്ടുവരെയുള്ള ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഉത്തരമെഴുതുക.** **(2x6=12)**

16. ''അയാൾ കൈയിൽ വച്ചിരുന്ന പൊതി അവൾക്ക് നീട്ടി.
''ഇത് വച്ചോ്.''
അത് വാങ്ങിയ ശാന്തമ്മയ്ക്ക് കരച്ചിലടക്കാൻ കഴിഞ്ഞില്ല.'' (കൊടിയേറ്റം)

''പുതിയ കാച്ചിയും തട്ടവും കുപ്പായവും കൊണ്ടുവന്നു...... ഹസ്സൻ വാതിൽക്കൽ നിന്നു കട്ടിലിലേക്ക് ആ വസ്ത്രങ്ങൾ എറിഞ്ഞുകൊടുത്തു.....ആമിന അമ്പരന്നു പോയി...'' (വെളിച്ചത്തിന്റെ വിരലുകൾ)

സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും കൊതിക്കുന്നവരാണ് ശാന്തമ്മയും ആമിനയും. രണ്ടു കഥാപാത്രങ്ങളെയും താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

17. ''ഞാൻ...ഞാൻ...ഒരാടിനെ വാങ്ങി മേയ്ക്കാൻ പോവ്വാണ്.''

''വിഷ്ണോ! എന്താ ഈ കേക്കണേ! ആടിന്യോ!

നീയ്യോ? ....നെനക്ക് ഭ്രാന്തെളക്യോ...?''

''ആ കവലയിലൊട്ടൊന്നെറങ്ങിനോക്ക്. ആൾക്കാര് എന്തൊക്കെയാ പറയ്ണ്. ഇതും കേൾക്കേണ്ടി വന്നൂലോ ഭഗവതീ!''

എല്ലാവരും ചെറുതിൽനിന്ന് വലുതിലേക്ക് മാറുമ്പോൾ നാണുക്കുട്ടി വലുതിൽനിന്ന് ചെറുതിലേക്കാണ് എത്തിച്ചേരുന്നത്. ഈ മാറ്റത്തെ വീട്ടുകാരും നാട്ടുകാരും എങ്ങനെയാണ് നോക്കിക്കണ്ടത്?
സമൂഹത്തിന്റെ ഇത്തരം മനോഭാവങ്ങളെ വിമർശനാത്മകമായി വിലയിരുത്തുക.

18. ആശയം, ആസ്വാദനാംശങ്ങൾ, സമകാലികപ്രസക്തി എന്നിവ ആസ്വാദനക്കുറിപ്പ് തയാറാക്കുക.

**ചെറിയവ**

ചെറുതെങ്കിലുമൻപെഴുന്ന വാ-
ക്കൊരുവന്നുത്സവമുള്ളിലേകിടും
ചെറുപുഞ്ചിരിതന്നെ ഭൂമിയെ-
പ്പരമാനന്ദനിവാസമാക്കിടും

ചെറുതന്യനു നന്മചെയ്കകൊ-
ണ്ടൊരു ചേതം വരികയില്ലയെങ്കിലും
പരനില്ലുപകാരമെങ്കിലീ
നരജന്മത്തിനു മാറ്റുമറ്റുപോം

ചെറുതൻപുകലർന്നു ചെയ്‌വതും
ചെറുതുള്ളത്തിലലിഞ്ഞു ചൊൽവതും
പെരുകിബ്ഭുവി പുഷ്പവാടിയായ്
നരലോകം സുരലോകതുല്യമാം

- എൻ. കുമാരനാശാൻ

| |
|---|
| അൻപ് - ദയ, പരൻ - മറ്റുള്ളവൻ, |
| സുരലോകം - സ്വർഗലോകം, ഉള്ളം - മനസ്സ് |